15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പുനലൂർ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധന- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2867/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.12.2019

പരാമർശം :
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.12.2015 തീയതിയിലെ ഇ 2(എസ്.സി 39/15/കെ.എൽ.എം) 24163/2015 നം. കത്ത്
2. സർക്കാരിന്റെ 12.06.2017 തീയതിയിലെ ഇയു2-164/2016/തസ്വഭവ-നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യഡയറക്ടറുടെ 03.08.2019 തീയതിയിലെ വി1-15430/11 നമ്പർ കത്ത്.

**ഉത്തരവ്**

പുനലൂർ നഗരസഭയിൽ പ്രവർത്തിച്ചിരുന്ന രാംരാജ് തീയേറ്ററിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാമർശം 1പ്രകാരമുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ടി നഗരസഭയിലെ 6 ഉദ്യോഗസ്ഥർക്ക് പരാമർശം 2പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ പ്രതിവാദപത്രിക സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം ടിയാളുകൾ സമർപ്പിച്ച പ്രതിവാദപത്രികപ്രകാരം വിശദമായി പരിശോധിച്ചു. പുനലൂർ നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC& A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ പുനലൂർ നഗരസഭയിലെ 6 ഉദ്യോഗസ്ഥർക്കെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
കൊല്ലം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ,(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ